# 6 അക്കരപ്പച്ച തേടി



- ഈ ഫോട്ടോഗ്രാഫ് വിശകലനം ചെയ്ത് കുറിപ്പെഴുതുക.

## ചെറിയ മനുഷ്യരും വലിയ ലോകവും

മനുഷ്യാവസ്ഥ ചിത്രീകരിക്കാൻ സാഹിത്യം മാത്രമല്ല, ചിത്രങ്ങളും സമർഥമാണല്ലോ. ജി. അരവിന്ദൻ ഇവയെ കൂട്ടിയിണക്കിയ കണ്ണിയാണ്. അദ്ദേഹത്തിന്റെ 'ചെറിയ മനുഷ്യരും വലിയ ലോകവും' ഈ അർഥത്തിൽ ഒരു ചിത്രകാവ്യമാകുന്നു. സ്ട്രിപ്പ് കാർട്ടൂണിലൂടെ സാഹിത്യത്തെയും കാർട്ടൂൺകലയെയും ദാർശനികമായ ഉൾക്കരുത്തിന്റെ പിൻബലത്തിൽ അദ്ദേഹം സമന്വയിപ്പിക്കുന്നു. കാർട്ടൂണുകളിൽ പൊതുവേ വ്യക്തമായ ഒരു കഥയോ കഥാപാത്രങ്ങൾക്ക് അനുക്രമമായ വളർച്ചയോ വികാസമോ കാണാറില്ല. അരവിന്ദനാകട്ടെ, രാമുവിനെ കേന്ദ്രകഥാപാത്രമാക്കി ഒരു കഥ വികസിപ്പിച്ചെടുക്കുകയും അതിന് ആദിമധ്യാന്തപ്പൊരുത്തം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

# ചെറിയമനുഷ്യരും വലിയലോകവും




സമയമായി! ഇതാ വാച്ച്
സിലക്ഷൻ കിട്ടണേ ദൈവമേ!


നീ വൈകാതെ പോയിട്ടു വരൂ. ഞാൻ വെളിയിലുണ്ടാവും.
ഇന്ന് നമുക്ക് പുതിയ പാഠം വേണ്ട

- കാർട്ടൂണുകളിലെ മുഖ്യകഥാപാത്രമായ രാമു നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്?
- മൂന്നു കാർട്ടൂണിലും കടന്നുവരുന്ന കഥാപാത്രമാണല്ലോ ഗുരുജി. ഗുരുജിയുടെ സംഭാഷണങ്ങൾ ശ്രദ്ധിക്കൂ. ഈ കഥാപാത്രത്തിന്റെ സ്വഭാവത്തെക്കുറിച്ച് എന്തെല്ലാം നിഗമനങ്ങളിലെത്തിച്ചേരാം?




- മേൽ കൊടുത്തിരിക്കുന്ന കാർട്ടൂണിലെ ഓരോ കഥാപാത്രത്തിന്റെയും സംഭാഷണത്തിൽ തെളിയുന്ന ജീവിതാവസ്ഥ തിരിച്ചറിഞ്ഞ് ലഘുകുറിപ്പ് തയാറാക്കുക.

നഗരക്കാഴ്ചകൾ പരസ്യങ്ങളുടെ കാഴ്ചകൾ കൂടിയാണല്ലോ. പരസ്യങ്ങളിൽ മനുഷ്യൻ സ്വയം നഷ്ടപ്പെടുന്നുണ്ടോ?

# മടുത്ത കളി




ഈ കളി എനിക്ക് മടുത്തിരിക്കുന്നു. കനിവാർന്ന പല കാര്യങ്ങളും മനസ്സിൽ കൊണ്ടു നടക്കേണ്ട അവസരങ്ങളിൽ അവയിലൊന്നിനു നേരെയും മുഖം തിരിക്കാൻ കഴിയാതെ ഞാൻ ദിവസവും കെട്ടിക്കൊണ്ടിരിക്കുന്ന വേഷം എന്നിൽ അറപ്പുളവാക്കിത്തുടങ്ങിയിരിക്കുന്നു.

ഞാൻ അണിഞ്ഞിരിക്കുന്ന വേഷങ്ങൾക്ക് ഭാരം കൂടിവരികയാണ്. ആദ്യം വരുമ്പോൾ ഇത് ഇത്രയൊന്നും ഇല്ലായിരുന്നു. വായിൽ കൊള്ളാവുന്നത്ര കാര്യങ്ങളേ വിളിച്ചുപറയാൻ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ സാധനങ്ങളുടെ പേരുകൾ പെരുകിയിരിക്കുന്നു. ഒരാവൃത്തി പറഞ്ഞുതീരുമ്പോഴേക്കും നാവു കുഴയും. വായിലെ വെള്ളം വറ്റും. ശരീരത്തിൽ പേറിയിരിക്കുന്ന സാധനങ്ങളുടെ എണ്ണം കൂടിയതു കാരണം നേരെ നിന്നു വിളിച്ചുപറയാനുമാവുന്നില്ല. ഭാരങ്ങളുമായി തെല്ലു നേരം സംസാരിച്ചുതുടങ്ങുമ്പോഴേക്കും തല കുനിയാൻ തുടങ്ങും. നട്ടെല്ലിനുള്ളിൽ നിന്ന് ആരോ ചാട്ടവാർ കൊണ്ടടിക്കുന്ന അവസ്ഥ.

അങ്ങനെ വരണ്ട ചുണ്ടുമായി കുനിഞ്ഞു നിൽക്കുമ്പോഴാണ് മുതലാളി കാറിൽ വന്നിറങ്ങിയത്. വളരെ തമാശകലർന്ന എന്തോ ഒന്ന് ജീവിതത്തിൽ ആദ്യമായി കാണുന്ന ഭാവത്തിൽ, എന്നെ കണ്ടയുടനെ മുതലാളി പറഞ്ഞു:

“ഈ നിൽപ്പാണ് നല്ലത്. നിവർന്നു നിൽക്കുമ്പോൾ വെറും സാധാരണ നിൽപ്പായേ കാണുന്നവർ കരുതൂ. ആളുകളുടെ ശ്രദ്ധയിൽ പെടുകയുമില്ല. മുമ്പോട്ടൽപ്പം കുനിഞ്ഞ് നിലത്തേക്കു വീഴുകയാണെന്നോ ആകാശത്തേക്കു പറക്കാനോങ്ങുകയാണെന്നോ തോന്നലുണ്ടാകുന്ന ഒരവസ്ഥ. നിന്റെ മുമ്പിൽ ആളുകൾ ഇങ്ങനെ കൂടിനിൽക്കുന്നതിന്റെ

രഹസ്യം ഇന്നാണെനിക്കു പിടികിട്ടിയത്."

സ്വല്പം കഴിഞ്ഞു ഷോറൂമിന്റെ അകത്തേക്കു കയറിപ്പോകുന്നതിനു മുമ്പേ ഒരു നിഗൂഢ രഹസ്യം വെളിപ്പെടുത്തുമ്പോലെ മുതലാളി പറഞ്ഞു: "നിവർന്നു നിൽക്കുന്നത് ആർക്കും ഇഷ്ടമല്ലെന്നും അറിയാമല്ലോ? കുനിയുന്ന താണ് നല്ലത് എന്നും. അതു മറക്കേണ്ട."

അയാൾ ഓരോ പ്രാവശ്യം ഷോറൂമിലേക്ക് വരുമ്പോഴും എനിക്കുറപ്പാണ്. ഒരു പുതിയ സാധനത്തിന്റെ പേരുകൂടി ഞാൻ പറയേണ്ടി യിരിക്കുന്നു; മറ്റൊന്നുകൂടി ഞാൻ ചുമക്കേ ണ്ടിയിരിക്കുന്നു. മുതലാളിയുടെ ഷോറൂമിൽ കിട്ടാത്തതായി ഒന്നുമില്ല. നഗരത്തിൽ വാങ്ങാൻ കിട്ടുന്ന എല്ലാ സാധനങ്ങളും ഒരി ടത്തുനിന്നു മാത്രം വാങ്ങാൻ കഴിയുന്ന സ്ഥലം എന്നാണ് അയാൾ ഷോറൂമിനെ വിശേഷിപ്പിച്ചിരുന്നത്. അതു ശരിയായിരു ന്നുതാനും. മുതലാളി ഷോറൂമിലേക്കു വരു മ്പോഴൊക്കെ പുതിയ എന്തെങ്കിലും സാധനം കൂടി അവിടെ എത്തിയിരിക്കും.

പിന്നെ എന്നെ വിളിച്ച് അതിന്റെ ഗുണഗണ ങ്ങൾ പഠിപ്പിക്കുകയായി. അതു പറയേണ്ട ഉച്ചാരണരീതി. കൊതുകുതിരിയെക്കുറിച്ചു പറയുന്ന അതേ രീതിയിലായിരിക്കരുത് സ്റ്റീൽപ്പാത്രങ്ങളെക്കുറിച്ചു പറയുന്നത്. പൗഡ റിനെക്കുറിച്ചും സോപ്പിനെക്കുറിച്ചും സംസാ രിക്കുമ്പോൾ വളരെ വ്യത്യസ്തമായ ശീല മാണ് സ്വീകരിക്കേണ്ടത്. എല്ലാം കഴിഞ്ഞ് സാമ്പിൾപ്പെട്ടികളിലൊന്ന് എന്റെ മുതുകത്തു കയറ്റിവയ്ക്കുന്നതോടെ മുതലാളി കൃതാർഥ നാവുന്നു. എതിരേയുള്ള കണ്ണാടിയിൽ തെളിഞ്ഞ ചമയങ്ങളോടെയുള്ള എന്റെ വികൃതരൂപത്തിന്റെ പ്രതിച്ഛായയിലേക്കു നോക്കി അയാളൊന്നു നീട്ടിച്ചിരിക്കുന്നു.

"മതി മതി. നിന്റെ ഈ വേഷം ധാരാളം. ഈ തെരുവിലൂടെ പോകുന്നവർ നിന്നെയൊന്നു നോക്കിയേ പോവൂ."

കച്ചവടം ധാരാളം കിട്ടുന്ന ദിവസങ്ങളിൽ ചമ യങ്ങളഴിച്ചു വീട്ടിലേക്കു പോകുമ്പോൾ അഭി നന്ദനമാണെന്ന നിലയ്ക്ക് മുതലാളി പറ യാറുണ്ട്:

"കോന്തപ്പാ, നീ ഇന്നു കലക്കി."

കച്ചവടം കുറഞ്ഞാൽ അതിനും കുറ്റം കേൾക്കേണ്ടിവരുന്നു: "എന്താടാ കോന്താ, നിന്റെ തൊണ്ട ഇന്നു വരണ്ടിരുന്നോ?"

എന്റെ പേരെന്ന നിലയ്ക്കാണ് കോന്തപ്പൻ എന്നും കോന്തനെന്നും മുതലാളി എന്നെ വിളിക്കുന്നത്. കച്ചവടം കൂടുമ്പോൾ കോന്ത പ്പനും കുറയുമ്പോൾ കോന്തനെന്നുമാവുന്നു. ഇതൊന്നുമല്ല എന്റെ പേരെന്നും കുറേക്കൂടി മധുരമായ ഒരു പേര് സ്വന്തമായി എനിക്കുണ്ടെന്നും അയാളോട് പറയണമെന്ന് പലവട്ടം വിചാരിച്ചതാണ്. വേഷംകെട്ടി നിൽക്കുമ്പോൾ ഓർക്കും, ഇവിടെ എനിക്ക് പേരെന്തിന്? ഷോറൂമിന്റെ മുമ്പിൽ നഗരവീ ഥിയിലേക്ക് ഇറങ്ങിനിൽക്കുന്ന വിചിത്രജീവി, ഷോറൂമിലേക്ക് കഴിയുന്നത്ര പേരെ ആകർഷി ക്കാൻ ഏതു വേഷവുമെടുക്കാം.

പേര് ഒരനാവശ്യമാണെന്ന് തോന്നിയതു കൊണ്ട് മുതലാളി വിളിക്കുന്ന പേര് ഞാനേ റ്റെടുത്തു.

ദിവസവും എട്ടുമണിക്കു മുമ്പായി ഷോറൂമിൽ എത്തണമെന്നതാണ് നിയമം. അതിനു വേണ്ടി കാലത്തുതന്നെ വീട്ടിൽ നിന്നു പുറ പ്പെടുന്നു. സ്കൂളിൽ പഠിക്കുന്ന മകൾ എന്നും ചോദിക്കും: "അച്ഛൻ എങ്ങോട്ടു പോകുന്നു?"

എനിക്ക് ഒരു സ്ഥിരം മറുപടിയുണ്ട്:

"കമ്പനിയിലേക്ക്."

നഗരത്തിലെ വലിയൊരു കമ്പനിയിലെ ജോലിക്കാരനായ അച്ഛൻ - മകളുടെ സ്വപ്ന ങ്ങളിൽ എന്റെ രൂപം നിറയുന്നതു ഞാൻ കാണുന്നു. തൊഴിലില്ലാതെ വീട്ടിലിരിക്കുന്ന മകനു മാത്രമേ അറിയാമായിരുന്നുള്ളൂ, അച്ഛൻ എങ്ങോട്ടാണ് പോകുന്നതെന്ന്. വെയിലും മഴയും കൊണ്ട് കാലത്തു മുതൽ അച്ഛനങ്ങനെ നിൽക്കുന്നു. വിചിത്രരൂപി യായ അച്ഛന്റെ മുമ്പിൽ കാഴ്ചക്കാർ കൂടിയി രിക്കുന്നു.

"പോകൂ പോകൂ; ഷോറൂമിനകത്തേക്ക് പോകൂ. അവിടെ ആ അത്ഭുതലോകത്ത് നിങ്ങൾക്ക് കിട്ടാത്തതായി ഒന്നുമില്ല."

നിറുത്താതെ അച്ഛൻ സംസാരിച്ചുകൊണ്ടിരിക്കുന്നു. കാഴ്ചക്കാരുടെ ഇടയിൽ ഒരുനാൾ മകന്റെ മുഖവും കണ്ടതോർമിക്കുന്നു. അച്ഛൻ തന്നെ തിരിച്ചറിയുന്നു എന്നു തോന്നിയതോടെ തിരക്കിൽ അവൻ എങ്ങോ അപ്രത്യക്ഷനാവുകയും ചെയ്തു.

അന്നുമുതൽ മകന്റെ മുഖത്തെ തിളക്കം കെടുകയായിരുന്നു.

അവനുകൂടി ഒരു ജോലി കിട്ടിയാൽ കുടുംബം രക്ഷപ്പെടും. കോളേജിൽ നിന്നു ജയിച്ച ദിവസം അക്കാര്യം മുതലാളിയോടു സൂചിപ്പിക്കുകയും ചെയ്തു. "കെമിസ്ട്രിയിൽ ഒന്നാമനായിട്ടാ മകൻ പാസായത്. എന്തു കാര്യത്തിലും അവൻ മിടുക്കനാ. ഇവിടെ എവിടെയെങ്കിലും ഒരു ജോലി."

ആദ്യമൊന്നും മുതലാളി ശ്രദ്ധിക്കുന്നില്ലെന്നു തോന്നി. അന്നത്തെ വരുമാനം എണ്ണിത്തിട്ടപ്പെടുത്തുന്നതിലായിരുന്നു ശ്രദ്ധ മുഴുവൻ. നോട്ടുകെട്ടുകൾ സേഫിൽ അടച്ചുവച്ചു മടങ്ങിവന്നപ്പോൾ വീണ്ടും പറയാൻ തുടങ്ങി. അപ്പോഴും എങ്ങോ ശ്രദ്ധിക്കുകയാണെന്ന നാട്യത്തിലായിരുന്നു അയാൾ. ഇടയ്ക്ക് ഫോൺവിളി കടന്നുവന്നു. ഫോൺ താഴെ വച്ചപ്പോൾ വീണ്ടും കുറേ നേരം തന്റെ മുഖത്തേക്കു നോക്കി. അതിനുശേഷം അവിശ്വസനീയമായ എന്തോ ഒന്ന് കേട്ടതുപോലെ മുതലാളി ചോദിച്ചു: "വേഷം കെട്ടാൻ എന്തിനാ കോന്തപ്പാ ഇവിടെ രണ്ടാള്?"

അന്നു കളി അവസാനിപ്പിക്കണമെന്ന് തോന്നിയതാണ്. ദേഹത്തിൽ വലിച്ചുകയറ്റിയ എല്ലാ സാധനങ്ങളും അയാളുടെ മുഖത്തേക്കു വലിച്ചെറിഞ്ഞ് ഒരൊറ്റ നടത്തം. എനിക്ക് നിവർന്നുനടക്കാൻ കഴിയുമെന്ന് മുതലാളിയെ കാണിക്കണമെന്നും ഞാൻ മോഹിച്ചു. പക്ഷേ, അതു നടപ്പില്ലായിരുന്നു.

അവിടെ നിന്നു പോന്നിട്ട് ഞാനെന്തു ചെയ്യാനാണ്? ആകെ അറിയാവുന്ന ജോലി ഈ വേഷംകെട്ടൽ മാത്രം. കാലപ്പകർച്ചയില്ലാതെ അതു ചെയ്യാനുള്ള കരുത്തും എനിക്കുണ്ടായിരുന്നു. എത്ര സാധനങ്ങളുടെ ഭാരവും ഞാൻ വഹിക്കും. അവയുടെ പേരുകളും എന്റെ ഓർമയിൽ കത്തിനിൽക്കും. വായിലെ നനവ് വറ്റിയാൽ പോലും പേരുകളുടെ ചങ്ങല ആവർത്തിക്കുന്നതിൽ എനിക്കൊട്ട് വിമുഖതയുമില്ലായിരുന്നു. പക്ഷേ, മറ്റൊരിടത്തും എന്നെ ആവശ്യമില്ല. കാരണം, ഇത്തരം ഷോറൂമുകളോ അതിനു മുമ്പിൽ കോമാളിവേഷം ധരിച്ച വിചിത്രജീവിയോ അവിടെയെങ്ങും ഉണ്ടായിരുന്നില്ല.

നഗരവീഥിയിലെ തിരക്കിൽ വീണ്ടും ഒറ്റപ്പെട്ട് ഞാൻ വിളിച്ചുപറയാൻ തുടങ്ങി: "മെച്ചപ്പെട്ട ഗുണം തുച്ഛവില, ആവശ്യക്കാരെ മോഹിപ്പിക്കുന്ന അത്ഭുതലോകം. ഇതാ നിങ്ങളെ കാത്തിരിക്കുന്നു."

ആരവങ്ങൾക്കു മീതെ എന്റെ ശബ്ദം ഒഴുകി നടക്കേണ്ടതായിരുന്നു. പക്ഷേ, അന്ന് എന്തുകൊണ്ടോ എന്റെ ശബ്ദത്തിന് വേണ്ടത്ര മുഴക്കമുണ്ടായില്ല. നനഞ്ഞ ഒരു തുണി ആരോ എന്റെ ശബ്ദങ്ങൾക്കു മുകളിൽ വിടർത്തിയിട്ടിരിക്കുന്നു. എത്ര ശ്രമിച്ചിട്ടും ശബ്ദത്തെ എനിക്ക് പൊക്കിയെടുക്കാൻ കഴിഞ്ഞില്ല. വീണ്ടും ഒന്നു കനപ്പിച്ചു പറയാൻ ശ്രമിച്ചെങ്കിലും അതിനു സാധിച്ചില്ല. അതു ചിതറിപ്പോയി. ഒരു പാരവശ്യത്തിന്റെ നടുവിലായിരുന്നു ഞാൻ.

അപ്പോഴാണ് മുതലാളിയുടെ ക്രൗര്യം പുളയ്ക്കുന്ന കണ്ണുകൾ എന്നെത്തന്നെ ശ്രദ്ധിക്കുന്നതായി ഞാൻ കണ്ടത്. ഞാൻ കൂടുതൽ വിവശനായി. ശബ്ദം തീരെ പൊങ്ങാത്ത അവസ്ഥ. നഗരവീഥിയിൽ ഒച്ചയില്ലാത്ത ഒരു നോക്കുകുത്തിയായി ഞാൻ മാറി.

"എന്തെടാ കോന്താ, നിനക്കു മിണ്ടാട്ടമില്ലേ?"

ദീനമായി ഞാനൊന്നു നോക്കി. എന്റെ ദൈന്യത മുഴുവൻ ആ നോട്ടത്തിൽ ഉണ്ടായിരുന്നു. പക്ഷേ, അതൊന്നും അയാളിൽ അൽപ്പം പോലും ഇറങ്ങിച്ചെന്നില്ലെന്ന് എനിക്ക് മനസ്സിലായി. കണ്ണുകളിലെ രൗദ്രം അപ്പോഴും ആളിക്കത്തുകയായിരുന്നു.

"പ്രായം കുറേയായില്ലേ. ഒച്ചയും നടപ്പും ഇനി പണ്ടത്തെപ്പോലെ ആവ്വോ?"

കളി അവസാനിപ്പിക്കാൻ സമയമായെന്നാണ് മുതലാളി സൂചിപ്പിക്കുന്നത്. ഇതെല്ലാം അഴിച്ചുവയ്ക്കണമെന്ന് ഞാൻ എന്നേ ആഗ്രഹിച്ചതാണ്. പക്ഷേ, ജോലിയില്ലാത്ത മകൻ, സ്കൂളിൽ പഠിക്കുന്ന മകൾ, ഒരു കുടുംബം. ഓർക്കുമ്പോൾ വീണ്ടും തെരുവിലേക്കു തന്നെ ഞാൻ മടങ്ങി എത്തുന്നു.

പക്ഷേ, കഴിഞ്ഞ ദിവസത്തെ സംഭവത്തോടെ ഞാൻ തീരുമാനിച്ചു - ഇതവസാനിപ്പിക്കുക തന്നെ. ഒരുച്ചനേരത്ത് നഗരത്തിന്റെ ആലസ്യത്തിലേക്ക് കണ്ണും നട്ട് ഞാൻ നിൽക്കുകയായിരുന്നു. ആ സമയത്ത് തെരുവിൽ തിരക്ക് കുറവായിരിക്കും. അപ്പോൾ അത്രമാത്രം സംസാരിക്കേണ്ട ആവശ്യമില്ല. ചുറ്റും കാഴ്ചക്കാർ ഉണ്ടാവുകയുമില്ല. എന്റെ സ്വകാര്യ ചിന്തയിലേക്കു മടങ്ങുന്ന സമയമായിരുന്നു അത്. എനിക്ക് കിട്ടിയ ജീവിതത്തിന്റെ ദൈന്യതയെക്കുറിച്ചു ഞാൻ ചിന്തിക്കും. പൊരുളില്ലാത്ത എന്തോ ഒന്നാണല്ലോ എനിക്കു വിധിക്കപ്പെട്ടത്. എന്നും ഒരു നിറമേ അതിലേക്ക് കടക്കാറുണ്ടായിരുന്നുള്ളൂ; നിറമില്ലാത്ത ഒരു നിറം. അനേകം പൊറുതികേടുകളും നിസ്സഹായതകളുമാണ് ഈ നിറങ്ങൾ എന്നിലേക്കെത്തിക്കുന്നത്. ദൈവമേ, ഇങ്ങനെ ഒരു നാൾ നിശ്ശൂന്യനായി ഈ തെരുവിൽ കിടന്നു മരിക്കുമല്ലോ. അതൊരു കണക്കിൽ നല്ല മരണംതന്നെ; ഭാരം സഹിക്കവയ്യാതെ പതുക്കെ താഴോട്ടമർന്നുള്ള അന്ത്യം.

എന്തോ ശബ്ദം കേട്ടപ്പോൾ വീണ്ടും ഞാൻ ഉച്ചയിലേക്കു മടങ്ങിവന്നു.

തെരുവിന്റെ അങ്ങേ അറ്റത്ത് സ്കൂൾക്കുട്ടികളുടെ ഒരു നിര പ്രത്യക്ഷപ്പെട്ടിരിക്കുന്നു. വളരെ അച്ചടക്കത്തോടെ അവർ നടന്നുവരികയാണ്. ഓമനത്തമുള്ള കൊച്ച് ആൺകുട്ടികളും പെൺകുട്ടികളും. പതിവില്ലാത്ത ഒരു കാഴ്ചയായിരുന്നു അത്. ഏതോ ഗ്രാമത്തിൽ നിന്ന് നഗരം കാണാനെത്തിയ കുട്ടികളായിരിക്കുമിവർ. അവരിൽ മാത്രമേ ഇത്തരം ഒതുക്കം കാണുകയുള്ളൂ. അത്ഭുതക്കാഴ്ചകൾ കണ്ടുകണ്ട് അവരുടെ മുഖത്തു പരിഭ്രമവും നിറഞ്ഞിരിക്കുന്നു.

എന്റെ അരികത്തെത്തിയാൽ എന്നെ വളയാതിരിക്കില്ല. അവരെ കുടുകുടാ ചിരിപ്പിക്കണം. പുതിയ ശബ്ദങ്ങൾ പുറപ്പെടുവിക്കാനും കോപ്രിരാട്ടികൾ കാണിക്കാനും ഞാൻ തീരുമാനിച്ചു. അവരുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കുന്ന നഗരക്കാഴ്ചകൾക്കു മുമ്പിൽ തെരുവിൽ കണ്ട വിചിത്രജീവി എന്നുമുണ്ടായിരിക്കണം. അവർക്ക് ചിരിക്കാനും പറഞ്ഞു രസിക്കാനും പിന്നെ ഭൂതകാലത്തിന്റെ വർണ്ണസ്വപ്നങ്ങളുമായി ഓർമയിൽ സൂക്ഷിക്കാനും.



എന്നെ കണ്ടതോടെ കുട്ടികൾ കൈകൊട്ടി ച്ചിരിക്കാനും ആർത്തു ബഹളംവയ്ക്കാനും തുടങ്ങി. അവരുടെ വലയത്തിനകത്തായ പ്പോൾ എല്ലാ അവശതകളും മറന്നു ഞാനും പ്രകടനം കാഴ്ചവയ്ക്കാൻ തുടങ്ങി. അപ്പോൾ എന്നിൽ നിന്ന് അന്നുവരെ ഉണ്ടാകാത്ത ശബ്ദങ്ങൾ പുറത്തുവന്നു, എനിക്ക് അപരി ചിതമായവ. എന്നെ അത്ഭുതപ്പെടുത്തുന്ന താളമായിരുന്നു അതിന്. വളരെ മെയ്‌വഴക്ക ത്തോടെയാണ് ഞാൻ കോപ്പിരാട്ടികൾ കാണിക്കാൻ തുടങ്ങിയത്. ദൈവമേ, എനി ക്കിങ്ങനെയൊക്കെ കാണിക്കാനാവുമോ എന്ന് ഞാൻ അന്തംവിട്ടു. ഞാൻ രോമാഞ്ചം കൊണ്ടു.

തെരുവിൽ കുട്ടികളുടെ ചിരി നിറയുകയായി രുന്നു. അതിനിടയിൽ ഞാൻ കണ്ടു, കൂട്ട ത്തിൽ ഒരു കുട്ടി മാത്രം ചിരിക്കാതെ മാറി നിൽക്കുന്നു. എവിടെയോ ഒളിക്കാൻ ശ്രമി ക്കുകയായിരുന്നു, അത്.

എന്നെ ഈ നിലയിൽ കണ്ടിട്ട് ചിരിക്കാൻ കഴിയാത്ത കുട്ടിയോ?

ആ കുട്ടിയെക്കൂടി ചിരിപ്പിക്കുകതന്നെ. ഞാൻ വലിയൊരു കോമാളിയായി മാറി. എന്നാൽ ഇതെല്ലാം കണ്ടിട്ടും ആ കുട്ടിയിൽ ഒരു മാറ്റ വുമുണ്ടായില്ല. അതു കരയാൻ ശ്രമിക്കുന്നു.

മുഖത്തേക്കു പാറിവീണ കെട്ടുപാടുകൾ മാറ്റി ഞാൻ ആ കുട്ടിയെ തറപ്പിച്ചുനോക്കി. പിന്നെ എനിക്ക് ശബ്ദമേയില്ലാതായി.

'മോളേ'

വിളി കേട്ടിട്ടു കേട്ടഭാവം നടിക്കാതെ, തിരി ഞ്ഞൊന്നു നോക്കുക പോലും ചെയ്യാതെ അവൾ കൂട്ടുകാരികളുടെ ഇടയിൽ തല പൂഴ്ത്തി. നാണം കൊണ്ട് അവളുടെ മുഖം കനത്തിരുന്നു. എന്നിൽ നിന്ന് അകന്നു കൊണ്ടിരിക്കെ അവൾ വാവിട്ടുകരയാൻ തുടങ്ങി.

പിറ്റേന്നു വികൃതവേഷങ്ങൾ അഴിച്ചുവയ്ക്കു മ്പോൾ എനിക്കു ദുഃഖമേ തോന്നിയില്ല. മുത ലാളിയും എന്നെ അത്ഭുതത്തോടെ നോക്കു കയായിരുന്നു. തല നിവർത്തി യാത്രപറയു മ്പോൾ ഞാൻ ഓർമിപ്പിച്ചു:

"എന്റെ കളി കഴിഞ്ഞു മുതലാളീ, കോന്ത പ്പനും മരിച്ചു."

എന്റെ വാക്കുകൾ അയാൾക്ക് പിടിച്ചില്ലെന്നു തോന്നുന്നു. ഷോറൂമിന്റെ പടികൾ ഇറങ്ങു മ്പോൾ പറയുന്നതു കേട്ടു: "ഇവനില്ലെങ്കിൽ വേറൊരു കോന്തൻ."

"ങും, കിട്ടും കിട്ടും. ഇങ്ങനെ വേഷം കെട്ടി നിൽക്കാൻ ഏതു ദരിദ്രവാസിയാണ് ലോക ത്തിലുള്ളത്?"

അടുത്ത രണ്ടു നാളുകളിൽ നഗരത്തിലൂടെ ജോലി അന്വേഷിച്ചു നടക്കുന്ന തിരക്കായി രുന്നു എനിക്ക്. ഒരിടത്തും ജോലി കിട്ടിയി ല്ലെങ്കിലും മനസ്സ് സ്വസ്ഥമായിരുന്നു. വികൃത വേഷത്തിൽ നിന്നു രക്ഷപ്പെടാൻ കഴിഞ്ഞല്ലോ.

മൂന്നാം നാൾ വെറുതെ പഴയ തെരുവിലൂടെ ഞാൻ നടക്കാൻ തുടങ്ങി. വർഷങ്ങളായി വേഷംകെട്ടി നിന്ന തെരുവിൽ അതൊന്നുമി ല്ലാതെ നടക്കാനുള്ള കൊതി. നടന്നുകൊണ്ടി രിക്കെ ഷോറൂമിന് അടുത്തെത്തിയപ്പോൾ അത്ഭുതം കൊണ്ടു ഞാൻ നടുങ്ങിപ്പോയി.

ഷോറൂമിന്റെ മുമ്പിൽ അതേ വികൃതവേഷം; അതേ ശബ്ദം.

മുമ്പത്തെപ്പോലെ കാഴ്ചക്കാർ അതിനെ വലയംചെയ്തിരിക്കുന്നു. ആരാണീ വേഷം കെട്ടിയത്?

കുറേക്കൂടി അടുത്തേക്കു ചെന്നു. അതു ഞാൻ തന്നെയായിരുന്നു-എന്റെ മകൻ.

- കോന്തപ്പൻ, കോന്തൻ എന്നീ പേരുകൾ മുതലാളി ഉപയോഗിക്കുമ്പോൾ മുഖ്യകഥാപാത്രത്തിനുണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ എന്തൊക്കെയായിരിക്കും?

- “എന്നെ കണ്ടതോടെ കുട്ടികൾ കൈകൊട്ടിച്ചിരിക്കാനും ആർത്തു ബഹളംവയ്ക്കാനും തുടങ്ങി. അവരുടെ വലയത്തിനകത്തായപ്പോൾ എല്ലാ അവശതകളും മറന്ന് ഞാനും പ്രകടനം കാഴ്ചവയ്ക്കാൻ തുടങ്ങി. അപ്പോൾ എന്നിൽ നിന്നും അന്നേവരെ ഉണ്ടാകാത്ത ശബ്ദങ്ങൾ പുറത്തുവന്നു.”

  അയാളിൽ ഈ ഭാവമാറ്റങ്ങൾക്കു കാരണമായതെന്ത്? ചർച്ച ചെയ്യുക.

- കഥാന്ത്യത്തിൽ ഇതിവൃത്തത്തിനു സംഭവിക്കുന്ന ഗതിമാറ്റം യു.കെ. കുമാരന്റെ കഥകളുടെ സാമാന്യസ്വഭാവമാണ്. മടുത്ത കളിയിൽ അത്തരമൊരു മാറ്റം സംഭവിക്കുന്നതെങ്ങനെ?

- “ഉൽപന്നങ്ങളുടെയും വിപണനത്തിന്റെയും പരസ്യങ്ങളുടെയും മധ്യത്തിൽ നിസ്സഹായനായിപ്പോകുന്ന മനുഷ്യന്റെ ആത്മസംഘർഷങ്ങളാണ് ‘മടുത്ത കളി’യിലുള്ളത്”- ഈ പ്രസ്താവന എത്രമാത്രം ശരിയാണ്? കഥ വിശകലനം ചെയ്യുക.

കാർട്ടൂണിലെ ഒരു കഥാപാത്രം 'നിനൈപ്പതെല്ലാം നടന്തുവിട്ടാൽ ദൈവം ഏതുമില്ലെ' എന്നു പാടുന്നു. മെച്ചപ്പെട്ട സൗകര്യങ്ങൾ തേടി നഗരങ്ങളിലെത്തുന്ന മനുഷ്യന്റെ അവസ്ഥ എന്താണ്?

# മോഷ്ടിച്ചെടുത്ത ഒരു രാത്രി

ഇരമ്പും പകൽച്ചൂടും പൊടിയും
ദാഹങ്ങളുമിരവേട്ടയും ക്രൗര്യങ്ങളുമൊഴിഞ്ഞും
ഒളിഞ്ഞും പതുങ്ങിയും നഗരം കടന്നേൻ ഞാൻ.
താന്തനായ്
നിശ്ചിന്തനായ്
നഗരപ്രാന്തത്തിലെ ചെമ്മൺപാതയിലിറങ്ങീ ഞാൻ.
(ഭാഗ്യമാരുമേ പിന്തുടരുന്നീലിപ്പോളെന്നെ!)
പാതിവറ്റിയ ജീവനാഡികൾ തോറും
ആതിരമണം ചേർന്ന
വെൺ-
കുളിർ-
തെന്നൽ
നിറഞ്ഞും
ചുറ്റിപ്പിണഞ്ഞും
തളിർത്തും തഴയ്ക്കവെ,
ശാന്തവുമുദാരവുമായൊരെൻ വീട്ടിൽ
അഭയം പ്രാപിച്ചൂ ഞാൻ!
(ഹാവൂ, പിന്നിലില്ലാരും!)
സ്വച്ഛമായൊരു രാത്രിയും കൂടി
മോഷ്ടിച്ചു പാതാളത്തിൽനിന്ന്
സൂത്രത്തിൽ കൊണ്ടിങ്ങുപോന്നേൻ,
വിയർപ്പും പൊടിയുമായ്
ചളികെട്ടിയ ഫയൽക്കെട്ടുകൾ
ഇപ്പടിപ്പുരതൻ ചുമർപ്പൊത്തിൽ
ഇറക്കി സൂക്ഷിക്കട്ടെ.
ഇതിലുണ്ടേറെ കദ്രുപുത്രന്മാരുറങ്ങുന്നു.
നോട്ടുകൾ
താക്കീതുകൾ
വിശദീകരണങ്ങൾ...
(ശാന്തവുമുദാരവുമായ വീടശുദ്ധപ്പെടരുതല്ലോ!)
ചുട്ട കൽപ്പടവുകൾ തോറും
മഞ്ഞുവീണുയരുന്ന ഗന്ധവും



കാട്ടുപൊന്തകളുടെ ശ്യാമച്ഛായയും
കുളത്തിലെ
സ്വച്ഛമാം ജലത്തിന്റെ കുളിരും-
ഞാനീശുദ്ധിയിൽ മുഴുകട്ടെ.
കത്തുമീ നിലവിളക്കിന്റെ
ശോണച്ഛായയിൽ
തിളങ്ങുമോട്ടുകിണ്ണത്തിലെ
ചുടുകഞ്ഞിതന്നാവിയും
ചുനനീലിച്ച കണ്ണിമാങ്ങതൻ സ്വാദും
ഈറനാം ചുരുൾമുടിച്ചാർത്തിലെ
കൈതപ്പൂവിൻ ഗന്ധവും
കൈത്തണ്ടകളിലെ വർണരാജിയും
നിർദ്ദന്തമാം ശിശുവിന്റെ
വളയും ചുണ്ടിൽ പൂക്കും സ്മിതവും
ഉറങ്ങും കുഞ്ഞിൻ
കൺപോളകളിൽ
വിരിയും സംശുദ്ധിയും-
ഇതല്ലെങ്കിൽ സ്വർഗമെന്തിനി വേറെ?
(മോഷ്ടിച്ച മുതലിന്റെ വിലയിന്നറിയുന്നൂ ഞാൻ).

**പാതാളത്തിന്റെ മുഴക്കം**

- (ഭാഗ്യമാരുമേ പിന്തുടരുന്നീലിപ്പോളെന്നെ!)
  (ഹാവൂ, പിന്നിലില്ലാരും!)
  (ശാന്തവുമുദാരവുമായ വീടശുദ്ധപ്പെടരുതല്ലോ!)
  (മോഷ്ടിച്ച മുതലിന്റെ വിലയിന്നറിയുന്നൂ ഞാൻ!)

  ഈ വരികൾ വലയത്തിൽ നൽകിയതിന്റെ ഔചിന്ത്യമെന്താവാം? അവ കവിയുടെ മാനസികാവസ്ഥ വ്യഞ്ജിപ്പിക്കുന്നുണ്ടോ?

- നഗരത്തെ വിശേഷിപ്പിക്കാൻ കവി ഉപയോഗിച്ച പദങ്ങൾ ശ്രദ്ധിക്കുക.
  - ഇരമ്പും പകൽച്ചൂടും പൊടിയും
  - ദാഹങ്ങളും ഇരവേട്ടയും ക്രൗര്യങ്ങളും

  ഗ്രാമത്തെ ചിത്രീകരിക്കാൻ കവി ഉപയോഗിക്കുന്ന പദങ്ങൾ എന്തൊക്കെ? കവിതയുടെ ഭാവതലം രൂപപ്പെടുത്തുന്നതിന് ഇത്തരം തിരഞ്ഞെടുപ്പ് എത്രമാത്രം അനുയോജ്യമാണ്?

- പൗരാണിക കഥകളുമായി ബന്ധപ്പെട്ട ചില സൂചനകൾ കവിതയിലുണ്ടല്ലോ. അവ കാവ്യസന്ദർഭങ്ങൾക്കു നൽകുന്ന സവിശേഷമായ അർഥങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക.
- 'മോഷ്ടിച്ചെടുത്ത ഒരു രാത്രി' എന്ന ശീർഷകത്തിന്റെ ഔചിത്യം ചർച്ചചെയ്യുക.
- കടന്നേൻ, കൊണ്ടിങ്ങുപോന്നേൻ തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധിച്ചല്ലോ. എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും കവിതകളിലും ഇത്തരം പ്രയോഗങ്ങൾ കാണാം. ഈ പ്രയോഗങ്ങളുടെ പ്രത്യേകതകൾ എന്താണ്? ചർച്ചചെയ്യുക.

ഗ്രാമഗൃഹങ്ങളെ സ്വർഗമാക്കുന്നത് കുഞ്ഞുങ്ങളുടെ കൺപോളകളിൽ വിരിയുന്ന സംശുദ്ധി മാത്രമല്ല, അവരെ സ്വന്തം ചിറകിന്റെ കീഴിലൊതുക്കി സ്നേഹവാത്സല്യങ്ങൾ നൽകി വളർത്തുന്ന അമ്മമാരുടെ വിശുദ്ധിയും വിശ്വാസവും കൂടിയാണ്; അവരുടെ കരുതലാണ്. എങ്കിലും ...

# കാട്ടിലേക്കു പോകല്ലേ, കുഞ്ഞേ

'ആനിമൽ പ്ലാനറ്റി'ൽ ഒരു കാട്ടുപോത്തിനെ രണ്ടു സിംഹങ്ങൾ ഒന്നിച്ച് ആക്രമിക്കുന്ന രംഗം വന്നപ്പോൾ പെട്ടെന്നോർത്തത് പള്ളിക്കുന്നിനെയാണ്. അഞ്ചെട്ടു കിലോമീറ്റർ നീളത്തിലിരിക്കുന്ന കരുത്തനായ ഒരു കാട്ടുപോത്ത് കടൽക്കരയിൽ അൽപ്പം പുറംതിരിഞ്ഞിരിക്കുമ്പോലെയാണ് ഞങ്ങളുടെ പള്ളിക്കുന്ന്. കുന്നിനെ മണ്ണുമാന്തിയന്ത്രം വന്ന് ആക്രമിച്ചാക്രമിച്ചു തീരാറായി. അതിന്റെ വടക്കേ കുന്നിൻചെരുവിൽ എന്റെ വീട്. അടുക്കളയിൽ നിന്നു നോക്കുമ്പോൾ ഇടയ്ക്കിടെ എത്തിനോക്കുന്ന കുറുക്കന്മാരുടെ കാട്. കുന്നിനപ്പുറം സുകുമാറഴീക്കോടിന്റെ നാട്. തൃശ്ശൂർ വീട്ടിൽ നിന്ന് ഇത്തവണ തറവാട്ടിലെത്തിയപ്പോൾ പതിവിനു വിപരീതമായി കുന്നിന് അഭിമുഖമായി അടുക്കളവാതിലിൽ എന്തോ ഓർത്ത് ദുഃഖിച്ചിരിക്കുന്ന ഉമ്മയെയാണ് കണ്ടത്.



ഞാൻ ചോദിച്ചു:
എന്തുപറ്റി?
മീൻ കഴുകിയ വെള്ളം തെങ്ങിൻചുവട്ടിൽ ഒഴുക്കിക്കളഞ്ഞിട്ട് മൂത്ത ഇത്ത പറഞ്ഞു:
ഉമ്മാക്ക് നൊസ്സാണ്.
അവർ ഈർഷ്യയോടെ അകത്തേക്കു പോയ്ക്കളഞ്ഞു.
ഞാൻ ഉമ്മയുടെ അടുത്തുചെന്നിരുന്നു:
എന്താണു പ്രശ്നം?പറയ്.
കുന്നിലെ ഇടതൂർന്നു വളരുന്ന കാട്ടിൻ നെഞ്ചിലേക്ക്, അതിന്റെ ഇരുട്ടിലേക്ക് ഉമ്മ ദീനമായി നോക്കി.
ഉമ്മ പറഞ്ഞു:
എന്തു പറയാൻ, എല്ലാം പോയി. ഇനി കോഴീന്റെ കൂട് മാത്രം ബാക്കീണ്ട്.
അപ്പോ, കോഴിയെ കുറുക്കൻ പിടിച്ചൂന്ന് പറ!
ഒരു കണക്കിനതു നന്നായി-ഞാൻ ചിരിച്ചു.
... ഏതു നേരവും കോഴി അകത്തു തൂറിയിടും. നിലത്തിരുന്നൊന്ന് ചോറുണ്ണാൻ സമ്മതിക്ക്വോ, അത്? ഇനി ഈ വീടിനൊരു വൃത്തിയും വെടിപ്പുമുണ്ടാവും.
കോപത്തോടെ ഉമ്മ എന്നെ നോക്കി.
ഇപ്പം വല്യ പവറില് നടക്കുന്ന നീ തൂറീട്ടില്ലേ, പണ്ട്? കിടക്കേലും അടുക്കളേലും... വിരിപ്പ് മുഴുവൻ എത്ര തവണ മൂത്രമൊഴിച്ച് മുക്കീട്ടുണ്ട്.
എനിക്ക് ചിരി വന്നു.
അതുപോലെയാണോ, ഉമ്മാ, ഒരു കോഴി?
ഉമ്മ വീണ്ടും കുന്നിന്റെ പള്ളയിലെ ഇരുണ്ട കാടുകളിലേക്കു നിസ്സഹായയായി നോക്കി.
എന്നാലും എന്റെ ആമിനയെ ആ കുറുക്കനിപ്പം എന്തുചെയ്യുകയാവും?
ഉമ്മയെ പ്രകോപിപ്പിക്കാൻ ഞാൻ പറഞ്ഞു:
ഉമ്മാന്റെ ആമിന എന്ന കോഴിയെ ഇപ്പം പേരില്ലാത്ത ആ കുറുക്കൻ കല്യാണം കഴിച്ചു കാണും.
ഉമ്മ ദേഷ്യപ്പെട്ടു.
മുട്ട തിന്നുമാത്രം ശീലമുള്ള നിനക്കതു പറഞ്ഞാ മനസ്സിലാവൂലാ, ഹംക്കേ.
ഞാൻ സമാധാനിപ്പിച്ചു:
ഉമ്മാ, രണ്ടു രൂപ കൊടുത്താ പീടികേന്ന് മുട്ട കിട്ടും.

ഉമ്മ പറഞ്ഞു: ഒരു മുട്ട എന്നു പറഞ്ഞാ രണ്ടു രൂപയല്ല!
പിന്നെയെന്താണ്?
വാക്കുകളില്ലാതെ അവരെന്നെ നോക്കി.
അന്ന് ജലപാനം കഴിക്കാൻ കൂട്ടാക്കാതെ ഉമ്മ കിടന്നു. ഓരോ ഉണർച്ചയിലും ആമിന എന്ന കോഴി വീടിന്റെ പിന്നാമ്പുറത്തുനിന്നു കൊക്കരിച്ച് തന്നെ വിളിക്കുന്നതായി ഉമ്മ കേട്ടു. പിന്നെ ആത്മഗതമെന്നോണം, എന്നാൽ ഉച്ചത്തിൽ പറഞ്ഞു:
നല്ല അനുസരണയുള്ള കോഴിയായിരുന്നു. കാടിന്റെ ഭാഗത്തേക്കു പോകല്ലേ പോകല്ലേന്ന് നൂറുവട്ടം പറഞ്ഞതാ. അല്ലേലും അതിനെ പ്പറഞ്ഞിട്ടു കാര്യല്ല. അയൽപക്കത്തെ പൂവൻകോഴി പരാക്രമം മൂത്തു വന്നപ്പോ പേടിച്ചു പറന്ന് പാഞ്ഞുകയറിയതാ ഓള്. ഒളിഞ്ഞുനോക്കിനിൽക്കുന്ന കുറുക്കന്റെ മുന്നിലേക്ക്. ഒരുപാട് അലറിവിളിച്ചു പെണ്ണ്. ഈ വയസ്സാൻ കാലത്ത് എനിക്കുണ്ടോ കുന്നുമ്മല് ഓടിക്കേറാൻ കഴീന്ന്? എന്റെ വിധി!
ഉമ്മാന്റെ ഈ കോഴിപ്രിയമോർത്ത് ചിരിയടക്കി ഞാൻ കിടന്നു. ഓർമവെച്ച നാൾ മുതലേ ഉമ്മ ഇങ്ങനെയാ. അഞ്ചും ആറും കോഴികളെങ്കിലും മൂപ്പത്തിക്കു ചുറ്റുമുണ്ടാവും. അതില്ലാതെ ഉമ്മയില്ല.
ഉമ്മാന്റെ സെക്രട്ടറിമാര്-ഞാൻ കളിയാക്കും. ഒക്കെ കുറുക്കനു കൊണ്ടുപോയി കൊടുക്കാൻ-തറവാട്ടിലേക്ക് വരുമ്പോഴൊക്കെ ഞാൻ കുറ്റപ്പെടുത്തും.
ഡോർ ടു ഡോർ ഡെലിവറി, മൾട്ടിനാഷണൽ പ്രോഡക്ട്, കമ്പനിയുടെ ഫീൽഡ് അഡ്വർടൈസ്മെന്റ് എന്നൊക്കെ പറഞ്ഞു വരുന്ന ഒരാളും ഉമ്മയുടെ മുന്നിൽ വിജയിച്ചു പോയിട്ടില്ല. ടൈ കെട്ടിവന്നാലും ഒളിമിന്നുന്ന കവർ കണ്ടാലും മൂപ്പത്ത്യാർക്ക് ഒരു കൂസലുമില്ല. ഇലക്ട്രോണിക് ഉൽപന്നങ്ങളുമായി ഒരു കച്ചവടക്കാരൻ വന്നു. അവനെ കണ്ടതും ഉമ്മ മൽമലിന്റെ തട്ടമെടുത്ത് തലയിലിട്ടു. ഉമ്മയോടൊപ്പമുള്ള കോഴിക്കുഞ്ഞുങ്ങൾ ഇളം വെയിൽ കൊള്ളുകയായിരുന്നു. നിലത്ത് വട്ടത്തിലിട്ടുകൊടുത്ത നുറുക്കരി തിന്നാൻ തിക്കിത്തിരക്കുന്ന കോഴിക്കുഞ്ഞുങ്ങളെ

അനുസരിപ്പിക്കാൻ ഒരു കൈയിൽ ഓലക്കാലുമുണ്ട്. കച്ചവടക്കാരൻ വന്നുകയറിയ ഉടൻ വലിയ സഞ്ചി താഴെവച്ച് ടൈ നേരെയാക്കി ഒരൊറ്റ കാച്ചാണ്: ഗുഡ്‌മോണിങ് മേഡം! ലാറ്റക്സ് മൾട്ടിനാഷണൽ ഇലക്ട്രോണിക്സ് കമ്പനിയുടെ പ്രോഡക്ടിന്റെ പരസ്യപ്രചാരണാർഥം കമ്പനി അയച്ച റെപ്രസെന്റേറ്റീവ് ആണു ഞാൻ.

അവസാനത്തെ പിടി അരിമണിയും കോഴിക്കിട്ടുകൊടുത്ത് മുട്ടിന് കൈതാങ്ങി ഉമ്മ എഴുന്നേറ്റു.

അല്ല കുട്ട്യേ, കറണ്ടിന്റെ ഇസ്തിരിപ്പെട്ടിണ്ടോ?

അയാൾ യൂറോപ്യൻ സ്റ്റൈലിൽ ചുമൽ ഉയർത്തി കൈകൊണ്ടു പ്രത്യേക ചേഷ്ട കാണിച്ചു:

ഓ ഷുവർ! ലൂണാ അയേൺ ബോക്സ് പ്രിസ്റ്റീജ് ഐറ്റം!

ഉമ്മാക്ക് ചില പദങ്ങളുടെ അർഥം ഒരു വിധം പിടികിട്ടുന്നെന്നേയുള്ളൂ. വന്ന കക്ഷി മുൻവരിപ്പല്ലിൽ ക്ലിപ്പിട്ടതുകൊണ്ട് ചിരിക്ക് ആകെ പുഴുപ്പല്ലിന്റെ പ്രതീതിയാണ്.

ഉമ്മ ചോദിച്ചു:

അല്ല മോനേ, ഇങ്ങനെ കച്ചോടത്തിനു പോകുമ്പം പല്ല് തേക്കാൻ പാടില്ലാന്നുണ്ടോ?

ചൂളിനിൽക്കുന്ന അവനുമുന്നിൽ ഉമ്മ രണ്ടാമത്തെ ചോദ്യമെറിഞ്ഞു.

ആട്ടെ, ഇസ്തിരിപ്പെട്ടിക്കെന്താ വെല?

റ്റൂ ഹൺഡ്രഡ് ആന്റ് ഫിഫ്റ്റി റുപ്പീസ്.

എനിക്ക് നിന്റെ ഇംഗ്ലീശൊന്നും തിരീലാ.

ഞാനൊരു മുപ്പതുറുപ്പിക തരും. നീ അതുകൊണ്ട് കബൂലാക്കണം.

ഉമ്മാ, ഞാൻ പറഞ്ഞത് ഇരുനൂറ്റമ്പതാണ്, കമ്പനിവെല.

ഒരു സാധനത്തിനു വാങ്ങുന്നോരാ വെല ഇടേണ്ടത്. അല്ലാതെ കമ്പനിയല്ല.

ഉമ്മാന്റെ ഇച്ഛാശക്തിക്കു മുന്നിൽ കച്ചവടക്കാരന്റെ മൾട്ടിനാഷണൽ കമ്പനി ഒന്നുമല്ലാതായി.

കച്ചവടക്കാരന്റെ സകല മസിലിന്റെയും നട്ടും ബോൾട്ടും ഒറ്റയടിക്കു താഴെ വീണു. അവൻ ചിരിച്ചു മണ്ണുകപ്പി.

ഉമ്മ അവനെ നോക്കി ഒരു മറുചിരി ചിരിച്ചു: ഒടുവിലവൻ പറഞ്ഞു: ഞാൻ തോറ്റു എന്റെ ഉമ്മാ. നിങ്ങളറുപത് തന്നാ മതി.

അറുപതു രൂപ കൊടുത്തിട്ട് ഉമ്മ ചോദിച്ചു: മോന് വീട്ടിലാരൊക്കെയുണ്ട്?

അച്ഛനും അമ്മയും ചെറുപ്പത്തിലേ മരിച്ചു. കാലം കുറച്ചായി ഈ പണിയാ. വലിയ ഗുണമൊന്നുമുണ്ടായിട്ടല്ല. ജീവിക്കണ്ടേ?

അപ്പം നീ മങ്ങലം കഴിച്ചില്ലേ?

ലൗമാര്യേജാ. ഓള് ക്രിസ്ത്യാനി. ഞാൻ ഹിന്ദു. ഒരു മോള്.

അപ്പം മോളേ നീ മുസ്‌ലീമാക്കി വളർത്തിയാ മതി.

അതെന്തിനാ ഉമ്മാ?

നാട്ടില് നെറച്ചും ജഹളയല്ലേ. കൊഴപ്പംണ്ടാക്കാൻ പൊറത്ത്ന്ന് പ്രത്യേകിച്ച് ആളെ എറക്കണ്ടല്ലോ.

അവൻ ചിരിയോടു ചിരി.



ആട്ടെ, മോൾക്ക് എത്ര പ്രായായി?

വീടോർമയിൽ അവൻ അഗാധമായി പുഞ്ചിരിച്ചു:

ഈ വരുന്ന ചൊവ്വ മോൾക്ക് ഒരു വയസ്സു തെകയും.

സാധനങ്ങൾ നിറച്ച ആ വലിയ സഞ്ചി തോളിലിടും മുമ്പ് ഉമ്മ പറഞ്ഞു:

നീ ചായ കുടിച്ചിട്ട് പോയാ മതി, മോനേ...

ഉമ്മയുടെ വാത്സല്യത്തിനു മുന്നിൽ അവൻ കീഴടങ്ങി.

പിരിയുമ്പോൾ ഉമ്മ അവന് നൂറിന്റെ രണ്ടു നോട്ടുകൾ ചുരുട്ടിമടക്കി നൽകി: നിന്റെ മോൾടെ പെറന്നാളിന് എന്റെ വക ഒരു ഉടുപ്പ് വാങ്ങിച്ചുകൊട്.

അതു വാങ്ങി അവൻ നിന്ന നിൽപ്പിൽ കരഞ്ഞു.

ഉമ്മ ചിരിച്ചു:

നിന്നെപ്പോലത്തെ ആള്കളാ ഈ നാട് വെടക്കാക്കുന്നത്. വേണ്ടാത്തതിനും വേണ്ടതിനും കരഞ്ഞിട്ട്. നീ പോ. ഓളേം മോളേം കൂട്ടി ഒരുദിവസം വാ.

അയൽപക്കത്തെ കരിനാക്ക് നബീസ വന്നപ്പോൾ ഉമ്മ പറഞ്ഞു;

ഞാമ്പാങ്ങിയ ഇസ്തിര്യട്ടിന്റെ വർത്താനം അറിയ്യോ? ഇരുനൂറ്റയ്മ്പത് ഉറുപ്പിക പറഞ്ഞ് ഓനെന്നെ പറ്റിക്കാൻ നോക്കി.

ഞാൻ അറുപതുറുപ്പിക കൊടുത്ത് ഓനെ തോപ്പിച്ചു. എന്റടത്താ കളി?

എവിടെ പെട്ടി? കാണട്ടെ.

അതു ഞാൻ നിനക്കു കാണിക്കൂലാ

നബീസാ. എന്തെങ്കിലും പറഞ്ഞ് നീയതു കേടാക്കും.

കരിനാക്ക് നബീസ വരുന്നുവെന്നറിഞ്ഞാൽ, അവരുടെ നിഴലനക്കം കണ്ടാൽ, ഉമ്മ ഓടിപ്പോയി കോഴിക്കുഞ്ഞുങ്ങളെ മുഴുവൻ കൂട്ടിനകത്താക്കും.

ഇതൊക്കെ ഉമ്മാന്റെ ഓരോ അന്ധവിശ്വാസമാ. ഞാൻ പറയും.

നിനക്കറിയാഞ്ഞിട്ടാ. കരിനാക്കും കണ്ണേറും കൊണ്ട് ഒരു പാടനുഭവിച്ചോളാ, ഈ ഞാൻ.

പെട്ടെന്ന് ഉമ്മ ഓർമകളുടെ കണ്ണീർക്കയങ്ങളിൽ മുങ്ങും.

എത്തേണ്ട സമയമായിട്ടും എത്താത്ത മക്കൾ... മോർച്ചറിയിൽ നിന്നു വന്നപ്പോൾ ഉമ്മ കരിനാക്ക് നബീസയെ പ്രാകുകയായിരുന്നു. അഞ്ചുപേര് ഒന്നിച്ച് ഓളെ മുമ്പിൽ പോയി പെടരുതെന്ന് എത്രവട്ടം പറഞ്ഞതാ, ഞാൻ... ഓളെ കണ്ണിൽ പരുന്താണ്... ന്റെ റബ്ബേ, നീയെന്നെ കൊന്നുതാ.

ആ കാലവർഷത്തിലെ ബോട്ടപകടത്തിൽ രണ്ടുമക്കളുടെ മൃതശരീരം മാത്രമെ കരയിലടുത്തുള്ളൂ. മൂന്നാമൻ ഒരു കരയിലും വന്നില്ല.

എന്നിട്ടും കരിനാക്ക് നബീസ വന്നപ്പോൾ ഉമ്മ ചായ കൊടുത്തു. വർത്താനം പറഞ്ഞു.

എന്നാൽ ഉമ്മയുടെ കോഴിക്കുഞ്ഞുങ്ങളെ മാത്രം അവർക്കു കാണിച്ചുകൊടുത്തില്ല.

കരിനാക്ക് നബീസ വീട്ടിൽ വന്നു മടങ്ങിയ ദിവസം സന്ധ്യയായാൽ ഉമ്മ മക്കളെയൊക്കെ പിടിച്ചിരുത്തി ഉപ്പ്, ഉണക്കമുളക്, കടുക് എന്നിവ ഒരു കടലാസിൽ കിഴിപോലെ കെട്ടി ഞങ്ങളുടെ തലയ്ക്കു മുകളിലൂടെ വട്ടത്തിൽ ഉഴിഞ്ഞ് അടുപ്പിലിടും. അടുപ്പിൽ നിന്നു പടപടാ പൊട്ടുന്ന ശബ്ദം കേട്ട് പറയും: കണ്ടില്ലേ, ഓളെ കണ്ണേറിന്റെ കടുപ്പം.

ഒരു ദിവസം കരീം എന്ന കാർപ്പെറ്റ് കച്ചവടക്കാരൻ വന്നു. ഒരു ചുവന്ന ചവിട്ടിയെടുത്തു വില ചോദിച്ചു ഉമ്മ.

നൂറുറുപ്പിക.

ഒട്ടും കുറയില്ലേ?

ഉമ്മ എത്ര തരും?

ഞാനൊരു മുപ്പതുറുപ്പിക തരും. നീ അതു കൊണ്ടു കബൂലാക്കണം.

ഉമ്മയെ അമ്പരപ്പിച്ച് കരീം അതു വിറ്റു. കാശ് കൊടുക്കുമ്പോൾ ഉമ്മ ഇടംകണ്ണിട്ട് ചോദിച്ചു:

നീയെന്നെ പറ്റിച്ചില്ലല്ലോ?

പല കിസ്സകളും പറയുന്ന കൂട്ടത്തിൽ കഥകളൊക്കെയെഴുതുന്ന എന്റെ വീടെവിടെയാണെന്നു കരീം അന്വേഷിച്ചു.

ഉമ്മ പറഞ്ഞു:

ഇതെന്ന്യാ വീട്. ന്റെ മോനാ. പക്ഷേ, ഓനിപ്പം തൃശ്ശൂരാ.

കരീമിന് വിശ്വസിക്കാനായില്ല.

കക്ഷീന്റെ കഥകളൊക്കെ എനിക്കു വല്യ ഇഷ്ടാണ്. ഞാൻ മൂപ്പരുടെ ഒരാരാധകനാണ്.

അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ല, മോനേ.

മോന്റെ കഥ വായിക്കാറില്ലേ?

വായിക്കും..ഒന്നും മനസ്സിലാവൂല. നാലുവരി വായിക്കുമ്പം എനിക്കൊറക്കം വരും.

ഒന്നും മനസ്സിലാവില്ലേ?

ഫോട്ടോ ഒഴിച്ച് ഒന്നും മനസ്സിലാവൂല.

പേപ്പറില് മൂപ്പരുടെ ഫോട്ടോവൊക്കെ കാണുമ്പം ഉമ്മാക്കു സന്തോഷം തോന്നൂലേ?

ഇല്ല. മാത്രമല്ല, ഓന്റെ കാര്യം ഇങ്ങനെയായിപ്പോയല്ലോ എന്നോർത്ത് സങ്കടംവരും.

അതെന്താ, അങ്ങനെ?

നാട്കേളിയും ബീട്പട്ടിണിയുംന്ന് കേട്ടിട്ടില്ലേ? ഫോട്ടോ കാണിച്ചാ അരി കിട്ട്വോ മോനേ.

മൂപ്പരുടെ കഥാപുസ്തകം കോളേജിലൊക്കെ ഒരുപാട് പേര് പഠിപ്പിക്കുന്നുണ്ട്.

ഒരു തെങ്ങില് കേറാൻ കൂടി അറിയാത്ത ഓൻ ഇക്കണ്ട കുട്ട്യോളെയൊക്കെ എന്തു പഠിപ്പിക്കാനാ, മോനേ.. അല്ലാഹുത്തആല എല്ലാ ആപത്തിൽ നിന്നും നമ്മളെയെല്ലാം കാത്തുരക്ഷിക്കുമാറാകട്ടെ!

കരീം വീട്ടിൽ നിത്യസന്ദർശകനായി.

തറവാട്ടിൽ ചെന്നപ്പോൾ ഉമ്മ വിഷാദിച്ചിരിപ്പാണ്.

മൂത്ത ഇത്ത വിശദീകരിച്ചു:

പത്തുപന്ത്രണ്ട് കോഴിക്കുഞ്ഞുങ്ങളുണ്ടായിരുന്നു. നാലെണ്ണം കാക്ക കൊത്തിക്കൊണ്ടോയി, രണ്ടിനെ പരുന്തും റാഞ്ചി. മൂന്നെണ്ണത്തിനെ കീരി പിടിച്ചു. ഇന്നലെ ഇതാ അവസാനത്തെ കോഴിയേം കുറുക്കൻ പിടിച്ചു. എത്ര കോഴിയാ ഇങ്ങനെ പോയത്.

ഉമ്മാക്ക് നൊസ്സാണ്.

ഉമ്മ ഒന്നും പറയാതെ, ജലപാനം കഴിക്കാൻ കൂട്ടാക്കാതെ ആ രാത്രിയിലുറങ്ങി. രാത്രിയിൽ ആരോടൊക്കെയോ സംസാരിച്ചു. കോഴികളോടുള്ള ഈ ഭ്രമം കാണുമ്പോൾ ഇടയ്ക്കു സംശയം തോന്നും. ഇത്ത പറയുന്നതിലും കാര്യമുണ്ടോയെന്ന്. ഉമ്മയ്ക്ക് ഇച്ചിരി പൊടിക്ക് വട്ടുണ്ടോ? നേരിയ നൊസ്സ്?

അല്ലെങ്കിൽ എന്തിനാണീ സാഹസം?

അധ്വാനം?

വിരിഞ്ഞ ഉടനെയുള്ള കോഴിക്കുഞ്ഞുങ്ങളുമായി പാണ്ടികൾ മലയിറങ്ങി. വീട്ടുമുറ്റത്തെത്തി ഒരു വിളിയാണ്. ബാലുമുത്തുചെട്ടിയാർ നടത്തുന്ന ഫാമിൽ വിരിഞ്ഞ കോഴി ഒന്നിനു മൂന്നുരൂപ. വിൽക്കുമ്പോൾ പത്ത് ബഹുവിധ നിറങ്ങൾ പുരട്ടിയ ഭംഗിയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉമ്മ ആർത്തിപിടിച്ചു വാങ്ങിക്കൂട്ടും. പിന്നെ മക്കളെപ്പോലും വേണ്ട. ഇരുപത്തിനാല് മണിക്കൂറും അതിനോട് വർത്തമാനം പറഞ്ഞ് അതിനെ പരിചരിച്ച്, അതിനെ കിന്നരിച്ച്, അതിനെ പേരിട്ടുവിളിച്ച് ദിവസം കഴിക്കും. ഉമ്മയുടെ സകലമാന ശ്രദ്ധയെയും തോൽപ്പിച്ചുകൊണ്ട് ആദ്യം കാക്കകളുടെ, പിന്നെ കീരിയുടെ, ഒടുവിൽ കുറുക്കന്റെ വായിലേക്ക് കോഴികൾ ഒന്നൊന്നായി ഒടുങ്ങും.

ഒരു ദിവസം കരീമിനോട് ഉമ്മ എന്തോ രഹസ്യമായി ചോദിച്ചു.

ഞാൻ നോക്കട്ടെ ഉമ്മ, എന്നു പറഞ്ഞ കരീം അടുത്ത ആഴ്ച മൂപ്പെത്തിയ നാലു കോഴിക്കുഞ്ഞുങ്ങളുമായി വന്നു.

കോഴിയെ കാർട്ടൺപെട്ടിയിൽ നിന്നിറക്കിയ ഉടൻ ഉമ്മ പറഞ്ഞു: യ്യോ, ഇതും മെഷീൻ കോഴിയാണ്.

അതെങ്ങനെ ഉമ്മാക്കു മനസ്സിലായി?

എനിക്കു തിരിയും. ഈ ദുനിയാവിനോടു മുഴുവൻ ഒരു പുച്ഛമുണ്ടാവും മുഖത്ത്. തനിക്കറിയാത്തതായി ഒന്നുമില്ലെന്നു വിചാരിക്കും. പാവം. അശ്രദ്ധമായ കഴുത്തു

വെട്ടിക്കലും നടക്കലും കുതിക്കലും, എങ്ങോട്ടാണു പോകേണ്ടതെന്നറിയില്ലാ!

രണ്ടാഴ്ചത്തെ യാത്ര കഴിഞ്ഞു വീട്ടിലെത്തിയപ്പോൾ കോഴിക്കുഞ്ഞുങ്ങളുടെ യാതൊരനക്കവുമില്ല.

ഞാൻ പറഞ്ഞില്ലേ, അതു മെഷീൻ കോഴിയാണെന്ന്, എല്ലാറ്റിനേം കുറുക്കനും കീരിയും കൊണ്ടോയി. നിന്റെ തൃശ്ശൂരില് നല്ല നാടൻ കോഴിയെ കിട്ടൂന്ന് തെങ്ങുകേറുന്ന തോമസിന്റെ കൂടെ ഒളിച്ചോടിവന്ന റോസമ്മ പറഞ്ഞു. ഓള് തൃശ്ശൂരിലാണല്ലോ.

കാര്യം പിടികിട്ടി.

ഞാൻ ചോദിച്ചു:

കഴിഞ്ഞ തവണ തൃശ്ശൂരില് വീട്ടില് വന്നപ്പോ, അയൽപക്കത്തെ വീടുകള് മുഴുവൻ ലോഹ്യം പറഞ്ഞ് കയറിയിറങ്ങിയതിന്റെ ഉദ്ദേശ്യം ഇതാണ് അല്ലേ?

കളവുമുതൽ കണ്ടുപിടിക്കപ്പെട്ട കുട്ടിയെപ്പോലെ ഉമ്മ ഉടൻ കുറ്റം സമ്മതിച്ചു.

നിന്റെ മക്കളെ കാണാൻ കൊതിയാവുന്നു എന്നു ഉമ്മ ഇടയ്ക്കിടെ പറഞ്ഞതിന്റെ പിന്നിലും വേറെ ഉദ്ദേശ്യമുണ്ടായിരുന്നു.

തൃശൂര് വീട്ടിൽ നിന്ന് ഇറങ്ങുംമുമ്പ് ഉമ്മ പറഞ്ഞു:

ന്റെ കയ്യില് ഒരു കാർഡ്ബോഡിന്റെ പെട്ടീണ്ട്.

പക്ഷേങ്കില് അതു നീ എടുക്കണ്ടാ?

ഞാനെടുത്തോളാ—

ന്താണത്?

വാതിലു പിറകിൽ നിന്ന ഭാര്യ ആ രഹസ്യം ഒളിപ്പിക്കും പോലെ ചിരിയമർത്തി.

നീ ദേഷ്യം പിടിക്കരുത്. ഒരു പൂവനും ഒരു പെടയും. കറുത്ത് ലക്ഷണമൊത്ത നല്ല വാല്യക്കാരായ നാടൻകോഴിയാ.

തലയിൽ കൈവെക്കുംപോലെ ഞാൻ നിന്നു.

പത്തിരുന്നൂറ്റിച്ചില്ല്വാനം കിലോമീറ്ററാ. ബസ്സിൽ പോകണം. പോരാത്തതിന് ആവശ്യത്തിനു ലഗേജും.

എന്റെ മുഖം ചുവന്നുവരുന്നതു കണ്ടപ്പോൾ ഉമ്മ ആവർത്തിച്ചു:

നീ എടുക്കേണ്ട. ഞാൻ പിടിച്ചോളാം.

മാസത്തിൽ രണ്ടുതവണ ശ്വാസംമുട്ടു വന്ന് ആശുപത്രീ പൂവുന്ന കക്ഷിയാണ്.

ഞാൻ പറഞ്ഞു:

റബ്ബാണേ, ഞാനീ കോഴിപ്പെട്ടി തൊടൂലാ..

ബസ്സ് കിട്ടാൻ ഒന്നേകാൽ കിലോമീറ്റർ നടക്കണം.

ഉമ്മ ആ കെട്ടുമായി നടക്കുന്നതു കണ്ടപ്പോൾ ഉള്ളിലെവിടെയോ കുറ്റബോധം.

ഞാൻ പറഞ്ഞു: ആ പെട്ടിയിങ്ങുതാ.

മടിച്ചുനിന്ന ഉമ്മയുടെ കൈയിൽ നിന്നു ദേഷ്യത്തോടെ ബലപൂർവം തട്ടിപ്പറിക്കുമ്പോലെ പെട്ടി വാങ്ങി.അതിന്റെ ആഘാതത്തിൽ പെട്ടി ഉലഞ്ഞതും അകത്തിരുന്ന കോഴികൾ രണ്ടും കലപില കൂട്ടാൻ തുടങ്ങി. എന്തുചെയ്യണമെന്നറിയാതെ പെട്ടി ഉലയാതെ, സൂക്ഷിച്ച് ഞാനതുമായി ബസ്റ്റോപ്പിൽ നിൽക്കുമ്പോൾ ഉമ്മ ആ നാട്ടിൻപുറമാകെ പുതുതായി കാണുന്നപോലെ ചുറ്റുപാടും നോക്കുന്നതായി ഭാവിച്ചു.

നഗരത്തിലെ ബസ്റ്റോപ്പിൽ ഞങ്ങളെത്തിയതും എങ്ങുനിന്നെന്നില്ലാതെ ഒരു ടൗൺ ടു ടൗൺ ബസ് ഇടിച്ചെത്തി.

ബസ്സിൽ ഏറ്റവും പിറകിൽ രണ്ടു സീറ്റുകൾ മാത്രം. അതിൽ ഞെരുങ്ങിയിരിക്കുമ്പോൾ സീറ്റിനടിയിൽ വെച്ച കോഴിയെ അടക്കം ചെയ്ത പെട്ടിയിലായിരുന്നു. ചിന്ത മുഴുവൻ. വണ്ടി ചങ്ങരംകുളത്തിനു തൊട്ടുമുമ്പുള്ള ഒരു വലിയ ഹമ്പിൽ കയറിയതും ബസ്സിന്റെ പിൻസീറ്റിൽ ഞങ്ങൾ തുള്ളിയെഴുന്നേറ്റുപോയി. പെട്ടിക്കുള്ളിലെ കോഴിക്ക് സകല നിയന്ത്രണങ്ങളും തെറ്റി. അവ ഭയപ്പെട്ട് ഒച്ചയിട്ടു. കൊക്കക്കൊക്കക്കൊക്കക്കോ..........

ശബ്ദം കേട്ട് ബസ്സിലുള്ളവരൊക്കെ ഒറ്റയടിക്ക് പിന്തിരിഞ്ഞുനോക്കി. ഞാൻ പരുങ്ങി.

ടൗൺ ടു ടൗണിന്റെ കുതിച്ചുപായലിൽ ഓരോ ഹമ്പിലും കുഴിയിലും ബസ്സിന്റെ പിൻസീറ്റ് തുള്ളിച്ചാടി. കോഴി കൊക്കരയിട്ടു. അപ്പോളൊക്കെ ഉറക്കത്തിലും ലോകകാര്യങ്ങളിലും മുഴുകിയ യാത്രക്കാർ പൊടുന്നനേ

അതു നിർത്തി ശബ്ദത്തിന്റെ ഉറവിടമന്വേഷിച്ച് ഒന്നിച്ചു തലതിരിച്ചു. ഇടയ്ക്കൊരാൾ പറയുകയും ചെയ്തു.

ഏതോ അണ്ണാച്ചിമാരാണ് അവരെക്കൊണ്ടുള്ള ശല്യം സഹിക്കവയ്യാതായിരിക്കുന്നു. ദേഷ്യം കടിച്ചമർത്തി. ഏതു നിമിഷവും പിടിക്കപ്പെടാവുന്ന ഒരു പ്രതിയാണു ഞാൻ. സീറ്റിൽ നേരാംവിധം അമർന്നിരിക്കാൻ കൂടി കഴിയുന്നില്ല. ഈ നിലയ്ക്കു പോയാൽ എന്റെ പ്രശസ്തിയും അഭിമാനവും എന്താവും?

ദേഷ്യഭാവം കണ്ട് ഉമ്മ ഇടയ്ക്ക് എന്റെ എതിർദിശയിലേക്ക് തലതിരിച്ച് ഒളികണ്ണിട്ടു ചിരിയടക്കി.

ചങ്ങരംകുളത്തെത്തിയതോടെ മുന്നിൽ ഒരു സീറ്റ് കാലിയായി. ഞാൻ ഉമ്മയോട് ആംഗ്യം കാട്ടി: അവിടെ പോയി ഇരുന്നോ. നടുവിനു സുഖമില്ലാത്തതല്ലേ?

ഉമ്മ ആ സീറ്റിലേക്കു പാഞ്ഞുപോയിരിക്കുകയും ഒരു ഗൂഢമന്ദഹാസം എനിക്കു നേരെ എറിയുകയും ചെയ്തു.

നിർഭാഗ്യം എന്റെ കൂടപ്പിറപ്പ്, ചങ്ങരംകുളത്തു നിന്നു കയറിയവരിൽ ഒരാൾ എന്റെ തൊട്ടടുത്ത സീറ്റിൽ വന്നിരുന്നു. ഒരു ആളലോടെ ഞാൻ തിരിച്ചറിഞ്ഞു-പരിചയക്കാരനാണ്. യൂണിവേഴ്സിറ്റിയിൽ ഗവേഷണ വിദ്യാർഥിയാണിപ്പോൾ. വിഷയം: പ്രാകൃതാനന്തര സ്വത്വം മലയാള ഭൂമികയിൽ.

ഡോക്ടറേറ്റ് വിദ്യാർഥി ആയതോടെ അദ്ദേഹം തന്റെ ഇൻസൈഡ് ചെയ്ത കുപ്പായവും പാന്റ്സുമൊക്കെ അയൽപക്കത്തെ പാവപ്പെട്ട ഒരു കുടുംബത്തിനു ദാനം ചെയ്തു. ഇപ്പോൾ പരുക്കൻ ജുബ്ബയിലും മുണ്ടിലുമാണ്.

എന്നെ തിരിച്ചറിയാതിരിക്കട്ടേയെന്നു പ്രാർഥിച്ച് മുഖം വെട്ടിച്ചിരുന്നു. അങ്ങനെ സംഭവിച്ചാൽ എന്റെ പ്രശസ്തി, അഭിമാനം ഇവയൊക്കെ കുറേക്കൂടി ഗുരുതരാവസ്ഥയിലാവും.



സത്യത്തിൽ എനിക്കും അദ്ദേഹത്തിനുമിടയിൽ ഈ നശിച്ച കോഴിയില്ലായിരുന്നെങ്കിൽ എത്ര നന്നായേനെ... മലയാള സാഹിത്യത്തെക്കുറിച്ച് എന്തെല്ലാം സംസാരിക്കാനിരിക്കുന്നു. ബസ് കോഴിക്കോട്ടെത്തുന്നതറിയില്ല.

നിർഭാഗ്യം എന്റെ കൂടപ്പിറപ്പ് എന്ന് പറഞ്ഞല്ലോ. അതുതന്നെ വീണ്ടും സംഭവിക്കുന്നു:

അദ്ദേഹം എന്നെ തിരിച്ചറിഞ്ഞുകഴിഞ്ഞു!

അയാൾ വിസ്മയത്തോടെ വിളിച്ചു:

ഹലോ!...

ഞാൻ വിഷാദാത്മകമായി ചിരിച്ചു.

സുഖമല്ലേ?
സുഖം തന്നെയാണ്. (ഈ കോഴി ഇല്ലായിരുന്നെങ്കിൽ!)
ഈയിടെയായി എഴുത്തൊന്നു കുറഞ്ഞോ?
ഞാൻ പറഞ്ഞു:
ഒരു നോവൽ ചെയ്യുകയാണ്.
വെരിഗുഡ്! നോവലിനാണെങ്കിൽ ഇപ്പോൾ വലിയ ക്ഷാമവുമാണല്ലോ. അതാവുമ്പം ഒരു ദിവസം പത്തുമുപ്പതു പേജ് വെച്ച് എഴുതാമല്ലോ. നല്ല ആരോഗ്യം വേണം, അല്ലേ?
ഞാൻ മൂളി.
സദാ പ്രസന്നവദനനായി നിൽക്കാറുള്ള എന്റെ ഭാവമാറ്റം കണ്ട് അദ്ദേഹം സംശയത്തോടെ വീണ്ടും ചോദിക്കുന്നു:
എന്തുപറ്റി? സുഖം തന്നെയല്ലേ?
ഞാൻ തലയാട്ടി. പിന്നെ സ്വകാര്യമായി കൃഷ്ണമണി താഴേക്കു നീക്കി-കോഴി! പടച്ചോനേ, എന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് എന്തെല്ലാംവിധ തടസ്സങ്ങൾ! ചർച്ചയും ഒരു പ്രവർത്തനമാണല്ലോ.
സംശയിച്ചതുതന്നെ സംഭവിച്ചു. എടപ്പാളിലെത്തുന്നതിനു മുമ്പുള്ള ഹമ്പുകളിൽ വച്ച് കോഴി അലമുറയിട്ടു കൊക്കരിച്ചു.
ദൈവമേ, ഓരോ ഹംബും ഇങ്ങനെ എന്റെ അഭിമാനത്തിന്റെ നെഞ്ചിലാണല്ലോ വന്നിടിക്കുന്നത്.
അപ്പോഴൊക്കെ ഗവേഷണവിദ്യാർഥിയായ ആ ചങ്ങാതി ഞെട്ടിത്തരിച്ച് സീറ്റിനടിയിലേക്കു ഒരു പിടുത്തവും കിട്ടാത്ത മട്ടിൽ കുനിഞ്ഞുനോക്കി. ഹോ, ഈ അണ്ണാച്ചികളെക്കൊണ്ടുള്ള ശല്യം ചില്ലറയല്ല. കണ്ണുതെറ്റിയാൽ മോഷണം, പിടിച്ചുപറി, ഇതാ ഇതിപ്പോൾ കോഴിയും. മുൻസീറ്റിലെവിടെയെങ്കിലും സുഖിച്ചിരിക്കുന്നുണ്ടാവും. പെട്ടെന്ന് അദ്ദേഹത്തിനു മലയാളസാഹിത്യത്തിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥയെപ്പറ്റി ഓർമവരികയും സംഭാഷണം ആ വഴിക്കു തിരിയുകയും ചെയ്തു.
പത്തിരുന്നൂറ് കിലോമീറ്ററിലെ യാത്രയ്ക്കു ശേഷം ക്ഷീണത്തോടെ വീട്ടിലെത്തി. ഞാൻ ആശ്വാസപൂർവം ഉമ്മയോടു ചോദിച്ചു:
എന്തിന്റെ നൊസ്സാണു നിങ്ങൾക്ക്? ഈ നാട്ടിൽ കോഴിയില്ലാഞ്ഞിട്ടാണോ?
ഒരുപാട് വെഷമിച്ചു അല്ലേ? നീ ദേഷ്യപ്പെടേണ്ട. ഇവിടെ എവിടെയും മെഷീൻ കോഴിയാ മോനേ, നാടൻകോഴിക്കേ ശത്രുവിനെ കണ്ടാൽ മനസ്സിലാവൂ.
എന്നിട്ട് കാർട്ടൺ പെട്ടിയുടെ കെട്ടഴിച്ച് കോഴിയെ രണ്ടിനെയും പുറത്തെടുത്തു. വാത്സല്യപൂർവം അതിനെ തലോടി. പിഞ്ഞാണത്തിലെ വെള്ളത്തിലേക്ക് അതിന്റെ കൊക്കിനെയടുപ്പിച്ചു. ആർത്തിയോടെ അതു കോരിക്കുടിച്ചു.
ഉമ്മ അഭിമാനത്തോടെ ആ വലിയ സ്വപ്നം പറഞ്ഞു:
ഞാനീ രണ്ടു കോഴികളിൽ നിന്നു പത്തിരുപത്തഞ്ചെണ്ണത്തിനെ വിരിയിച്ചുണ്ടാക്കും. കാട്ടിൽ നിന്നു കുറുക്കന്റെ അനക്കം കേൾക്കുമ്പോൾ കൊക്കരിച്ച് കൊക്കരിച്ച് ഈ നാടിനെ ഒന്നാകെ ഉണർത്തും. മെഷീൻ കോഴിക്ക് കാണാനുള്ള ഭംഗിയേ ഉള്ളൂ. നാടൻകോഴി അങ്ങനെയല്ല. അത് അടയിരിക്കുമ്പോൾ അതിന്റെ കുഞ്ഞുങ്ങൾക്ക് എന്തെല്ലാം പറഞ്ഞുകൊടുക്കുന്നുണ്ടെന്നാണ് നിന്റെ വിചാരം?
പെട്ടെന്ന് ഉമ്മ ഏതോ ഓർമയിൽ സ്തംഭിച്ചുനിന്നു. സന്ദർഭത്തിന് ഒട്ടും യോജിക്കാത്തവിധം, എന്തോ മറന്നു നഷ്ടപ്പെട്ടതുപോലെ, അവർ ഒരൊറ്റ പൊട്ടിക്കരച്ചിൽ.
'റബ്ബുൽ ആലമീനായ തമ്പുരാനേ, ന്റെ മക്കളെ ഞാൻ നീന്തല് പഠിപ്പിച്ചില്ലല്ലോ.'

- 'നാട്കേളിയും ബീട്പട്ടിണിയും' - ഈ ചൊല്ല് നൽകുന്ന ആശയമെന്താണ്? ഇതുപോലുള്ള ചൊല്ലുകൾ കണ്ടെത്തുക.
- 'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺപരമ്പര കണ്ടല്ലോ. അതുപോലെ ഈ കഥയിൽ കാർട്ടൂണുകളാക്കി അവതരിപ്പിക്കാവുന്ന സന്ദർഭങ്ങൾ കണ്ടെത്തുക. അവയിൽ ഒന്ന് കാർട്ടൂണായി രചിക്കുക.
- "എനിക്കു തിരിയും. ഈ ദുനിയാവിനോടു മുഴുവൻ ഒരു പുച്ഛമുണ്ടാവും മുഖത്ത്. തനിക്കറിയാത്തതായി ഒന്നുമില്ലെന്നു വിചാരിക്കും. പാവം അശ്രദ്ധമായ കഴുത്തു വെട്ടിക്കലും നടക്കലും കുതിക്കലും. എങ്ങോട്ടാണ് പോകേണ്ടതെന്നറിയില്ലാ!"

  "ഞാനീ രണ്ടു കോഴികളിൽ നിന്ന് പത്തിരുപത്തഞ്ചെണ്ണത്തിനെ വിരിയിച്ചുണ്ടാക്കും. കാട്ടിൽ നിന്ന് കുറുക്കന്റെ അനക്കം കേൾക്കുമ്പോൾ കൊക്കരിച്ച് കൊക്കരിച്ച് ഈ നാടിനെ ഒന്നാകെ ഉണർത്തും. മെഷീൻകോഴിക്ക് കാണാനുള്ള ഭംഗിയേ ഉള്ളൂ. നാടൻകോഴി അങ്ങനെയല്ല. അത് അടയിരിക്കുമ്പോൾ അതിന്റെ കുഞ്ഞുങ്ങൾക്ക് എന്തെല്ലാം പറഞ്ഞുകൊടുക്കുന്നുണ്ടെന്നാണ് നിന്റെ വിചാരം?"

  മിഷ്യൻകോഴിയെയും നാടൻകോഴിയെയും താരതമ്യം ചെയ്തുകൊണ്ട് ഉമ്മ നടത്തുന്ന അഭിപ്രായപ്രകടനങ്ങളിൽ എന്തൊക്കെ അർഥസൂചനകൾ കണ്ടെത്താനാവും?